# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 144 12/07/2016 -ൽ മറുപടിയ്ക്ക്

## വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഒ. ആർ. കേളു<br>,, പി.ടി.എ. റഹീം<br>,, കെ. ബാബു<br>,, എം. മുകേഷ് | ശ്രീ. വി.എസ്.സുനിൽ കമാർ<br>(കൃഷി വകപ്പ് മന്ത്രി) |
| എ) വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | എ) ഉണ്ട്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന്റെ ചെയർമാൻ കൃഷി വകുപ്പ് മന്ത്രിയാണ് സ്വാശ്രയസംഘങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട നാല് കർഷക ഡയറക്ടർമാർ ഉൾപ്പെടുന്ന ഡയറക്ടർ ബോർഡിൽ അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ, കൃഷി ഡയറക്ടർ, ഫിനാൻസ് വകുപ്പ് അഡീഷണൽ സെക്രട്ടറി എന്നിവരും ഉൾപ്പെടുന്നു. കൗൺസിലിന്റെ ഭരണ സംബന്ധമായ സുപ്രധാന വിഷയങ്ങളെല്ലാം ഡയറക്ടർ ബോർഡ് ചർച്ച ചെയ്ത് തീരുമാനിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യാറുണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലും കൗൺസിലിന്റെ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഫീൽഡ് തലത്തിൽ അസി./ഡെപ്യൂട്ടി മാനേജർമാരെ നിയമിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ജില്ലാ മാനേജർമാരേയും നിയോഗിച്ചിട്ടുണ്ട്. മാസത്തിൽ രണ്ടു പ്രാവശ്യം നടത്തപ്പെടുന്ന ജില്ലാതല റിവ്യൂ മീറ്റിങ്ങുകളിൽ ജില്ലയിലെ പ്രവർത്തനങ്ങൾ വിശകലനം ചെയ്യപ്പെടുന്നുണ്ട്. മാസത്തിൽ ഒരു പ്രാവശ്യം എറണാകുളം കാക്കനാടുള്ള കൗൺസിൽ ഹെഡ്ക്വാർട്ടേഴ്സിൽ വെച്ച് നടത്തപ്പെടുന്ന ജില്ലാ മാനേജർമാരുടെ റിവ്യൂ മീറ്റിങ്ങിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും മൂന്ന് ഫങ്ഷണൽ ഡയറക്ടർമാരും ജില്ലയിലെ വികസന പദ്ധതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.<br><br>കൂടാതെ എല്ലാ വർഷവും കൗൺസിൽ വാർഷിക പൊതുയോഗവും കർഷക സമ്പർക്ക പരിപാടികളും സംഘടിപ്പിക്കുന്നുണ്ട് പുതിയ സർക്കാർ അധികാരത്തിൽ വന്ന |

ശേഷം കൗൺസിലിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാനും, കർഷകരുടെയും, സംഘങ്ങളുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊണ്ടുകൊണ്ട് വി.എഫ്.പി.സി.കെയുടെ പ്രവർത്തനം വിപുലപ്പെടുത്താനും ഉദ്ദേശിക്കുന്നു.

ബി) പ്രസ്തുത കൗൺസിലിന്റെ പ്രവർത്തന ഫലമായി പച്ചക്കറിയുടെയും പഴവർഗ്ഗങ്ങളുടെയും ഉത്പാദനത്തിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ:

ബി) കേരളത്തിലെ 14 ജില്ലകളിൽ 9434 സ്വാശ്രയ സംഘങ്ങളിലായി 185437 കർഷകർ കൗൺസിലിൽ അംഗങ്ങളാണ്. 2015-16 സാമ്പത്തിക വർഷം കൗൺസിലിലെ കർഷകർ 184500 മെട്രിക്ടൺ പച്ചക്കറികളും 281000 മെട്രിക്ടൺ കായയും 37339 മെട്രിക് ടൺ കിഴങ്ങു വർഗ്ഗവിളകളും ഉ ൽപ്പാദിപ്പിച്ചി ട്ടുണ്ട് 2015-16 വർഷത്തിൽ 274 സ്വാശ്രയ കർഷക സമിതികളും 167 സംഭരണ കേന്ദ്രങ്ങളും മുഖേന 263.55 കോടി രൂപ മൂല്യമുള്ള 134618 മെട്രിക് ടൺ പഴം, പച്ചക്കറികളുടെ വിപണനം നടത്തിയിട്ടുണ്ട്.

സി) പച്ചക്കറി, പഴം വിപണിയിലെ വില സ്ഥിരതയില്ലായ്മയും അടിക്കടിയുള്ള വിലക്കയറ്റവും തടയാൻ കൗൺസിലിനു കഴിയാതെ പോയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

സി) ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷപ്പെടുത്തുകയും അവരുടെ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് കൗൺസിലിന്റെ പ്രധാന ലക്ഷ്യം. ഇതിനായി സംസ്ഥാനത്തുടനീളം 274 സ്വാശ്രയകർഷക സമിതികൾ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ സമിതികളിലെത്തിച്ച് കച്ചവടക്കാരുടെ സാന്നിധ്യത്തിൽ ലേലം വഴി കൂട്ടായി വിപണനം ചെയ്യുന്നു. ഇതുവഴി ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും വിപണന ചെലവുകൾ കുറയ്ക്കുവാനും കർഷകർക്ക് സുസ്ഥിര വരുമാനവും മെച്ചപ്പെട്ട ജീവിത നിലവാരവും ഉറപ്പാക്കുവാനും കഴിയുന്നു.

ഡി) കൗൺസിലിന്റെ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഡി) കൗൺസിലിന്റെ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.

പച്ചക്കറി കൃഷി, വാഴ കൃഷി എന്നിവ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുകയും ചെയ്യുക, പച്ചക്കറി കൃഷിയിൽ വിജ്ഞാന വ്യാപന

പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സെമിനാറുകൾ, കർഷക സമ്പർക്ക പരിപാടികൾ കർഷകർക്കും ഉദ്യോഗസ്ഥർക്കും പരിശീലനങ്ങളും പഠന യാത്രകളും സംഘടിപ്പിക്കുക, മണ്ണ് പരിശോധനാഫലങ്ങൾ അടിസ്ഥാനമാക്കിയുള്ള കൃഷി, സൂക്ഷ്മ മൂലകങ്ങളുടെ ഉപയോഗം മുതലായവ വികസിപ്പിച്ചെടുക്കുക, മികച്ച നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനുള്ള ധനസഹായം വിതരണം ചെയ്യുക, വി.എഫ്.പി.സി.കെ മുഖേനയുള്ള സ്വാശ്രയ കർഷകസമിതികളുടെ വികസനം, നിലവിലുള്ള 274 സമിതികളുടെ ശാക്തീകരണത്തിനുള്ള സഹായം നല്കൽ, വിളവെടുപ്പിന് ശേഷമുള്ള വിള കൈകാര്യം ചെയ്യൽ, ഉല്പന്നങ്ങളുടെ മൂല്യവർദ്ധന എന്നിവയിൽ കർഷകർക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നല്കൽ, ഹൈടെക് പച്ചക്കറിത്തൈ ഉല്പാദന കേന്ദ്രം സ്ഥാപിക്കൽ, മണ്ണ് പരിശോധന ലാബുകൾ സ്ഥാപിക്കൽ, കൃഷി ബിസിനസ്സ് കേന്ദ്രകൾ, ആരംഭിക്കൽ, വിദ്യാലയങ്ങളിൽ പച്ചക്കറി വിത്ത് വിതരണം നടത്തുക, കർഷകർക്കായി പരിശീലനകേന്ദ്രം സ്ഥാപിക്കുക, വിളവെടുപ്പിന് ശേഷമുള്ള നഷ്ടം കുറയ്ക്കുന്നതിനായി മൊബൈൽ റൈപ്പെനിങ് ചേമ്പറുകൾ സ്ഥാപിക്കുക, അപേഡ (APEDA) യുടെ ധനസഹായത്തോടെ പഴം പച്ചക്കറി പായ്ക്ക് ഹൗസുകൾ സ്ഥാപിക്കുക, ഇടുക്കി പാക്കേജിന്റെ ഭാഗമായി ശീതകാല പച്ചക്കറി കൃഷി വ്യാപനം, കാരറ്റ് ക്ലീനിംഗ് മെഷീൻ, ജലസ്രോതസ്സുകളുടെ നിർമ്മാണ സഹായം എന്നിവ നടപ്പിലാക്കുക, രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ (ആർ.കെ.വി.വൈ) ധനസഹായത്തോടെ കോൾ മേഖലയിൽ പച്ചക്കറി കൃഷി വ്യാപനം നടപ്പിലാക്കുക, പച്ചക്കറികൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ വ്യാപിപ്പിക്കൽ എന്നിവയാണ്.

**സെക്ഷൻ ഓഫീസർ**